ഇറക്കുമതി ചെയ്യുന്നതുകൊണ്ട്, ആ എണ്ണ ഉപയോഗിച്ചുകൊണ്ട് സോപ്പ് ഉൽപ്പാദകരും മറ്റു വ്യവസായികളും അവരുടെ വ്യവസായങ്ങൾ നടത്തുന്നതുകൊണ്ട് ഈ സംസ്ഥാനത്തിൽ പ്രത്യേകിച്ച് ഉൽപ്പാദിപ്പിക്കുന്നതായിട്ടുള്ള കേര വൃക്ഷത്തിൽനിന്നും കിട്ടുന്ന നാളികേരത്തിന് വിലയിടിഞ്ഞിരിക്കുകയാണ്. അത് വ്യാസപ്പെടുകയാണെങ്കിൽ ഈ തരത്തിലുള്ള പ്രഖ്യാപനങ്ങൾ എല്ലാം പ്രചാരണത്തിനുവേണ്ടി മാത്രമേ പ്രയോജനപ്പെടുകയുള്ളൂ. ആ പ്രചാരണംകൊണ്ട് ഈ സംസ്ഥാനത്തിലെ നാളികേര കൃഷിക്കാരെ സംരക്ഷിക്കുവാൻ സാധിക്കുകയില്ല. വളരെ മാർജിനലായി മാത്രമേ അവരെ സംരക്ഷിക്കുവാൻസാധിക്കുകയുള്ളൂ. അവരെ സ്ഥായിയായി സഹായിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയം കാര്യമായി പരിശോധിച്ചുകൊണ്ട് ഈ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തി വ്യത്യാസപ്പെടുത്താനായി സാധിക്കണം. ആ രംഗത്ത് ഗവൺമെന്റിന്റെ പരാജയമാണ് ഇവിടെ കാണുന്നത്. സംസ്ഥാനത്തിന്റെ പരാജയം നീക്കാൻ അടിസ്ഥാനമായിട്ടുള്ളത് ഇതിനെപ്പറ്റി ഇവിടെ ചർച്ച ചെയ്യുകയെന്നുള്ളതാണ്. അങ്ങനെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

III ശ്രദ്ധ ക്ഷണിക്കൽ

(1) മലപ്പുറം ജില്ലയിൽ പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിലുണ്ടായിട്ടുള്ള ബുദ്ധി മുട്ടുകൾ:

ശ്രീ. കെ. പി. എ. മജീദ്: സർ, മെറിറ്റീരിയൽസിന്റെ അഭാവം നിമിത്തം മലപ്പുറം ജില്ലയിലെ വൈദ്യുത വികസന രംഗത്തുണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ച് ഈ സഭയുടേയും മന്ത്രിയുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്. വൈദ്യുതിവെളിച്ചം കാണാൻ കഴിയാത്ത ഗ്രാമപ്രദേശങ്ങളുള്ള ജില്ലയാണ് മലപ്പുറം ജില്ല. വെളിച്ചത്തിനുവേണ്ടി മണ്ണെണ്ണ വിളക്കു വെച്ച് ജീവിതം നയിക്കുന്ന ജനങ്ങൾ വീട് വൈദ്യുതീകരിച്ച് കണക്ഷനുവേണ്ടി മാസങ്ങളോളം, വർഷങ്ങളോളമായി കാത്തിരിക്കുകയാണ്. ജില്ലാ വികസന സമിതിയിൽപോലും വ്യക്തമായ മറുപടി പറയാൻ കഴിയാത്ത ഉദ്യോഗസ്ഥൻമാരും അതിനിടയിൽ ഏറക്കുറെ കുററക്കാരെപ്പോലെ നിർവ്വികാരതയോടുകൂടി നോക്കിനിൽക്കുന്ന എം. എൽ. എ. മാരും ഉൾക്കൊള്ളുന്ന ഒരു ജില്ലയാണ് മലപ്പുറം ജില്ല. വൈദ്യുത വികസന രംഗത്ത് ഈ ജില്ലയെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്ത് ഏററവുമധികം പ്രവൃത്തി കുടിശ്ശികയുള്ളത് മലപ്പുറം ജില്ലയിലാണ്. തിരുവനന്തപുരത്ത് ഒരാൾ ഒരു വീട് കണക്ഷനുവേണ്ടി അപേക്ഷിച്ചാൽ രണ്ടു ദിവസംകൊണ്ട് നൽകുമെങ്കിൽ മലപ്പുറം ജില്ലയിൽ അങ്ങനെയൊരു അപേക്ഷ ലഭിച്ചാൽ നാലു വർഷം കഴിഞ്ഞാൽ മാത്രമേ കണക്ഷൻ കിട്ടുകയുള്ളൂ. അത്രയും പിന്നിലാണ് മലപ്പുറം ജില്ല. ഇപ്പോൾ മലപ്പുറം ജില്ലയിലെ സെക്ഷനിൽ 15,000 കൺസ്യൂമേഴ്സാണുള്ളത്. മലപ്പുറം സെക്ഷനിൽ 1981 ഒക്ടോബർ മാസത്തിൽ സി. ഡി. അടച്ചിട്ടുള്ളവർക്കു മാത്രമാണ് കണക്ഷൻ നൽകി

10 A.M.]

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത്. അത്രയും പിന്നിലാണ് മലപ്പുറം ജില്ല. അതുപോലെതന്നെ കൺസ്യൂമർ കോൺട്രിബ്യൂഷൻ സ്കീം നടപ്പാക്കിയപ്പോഴും ആ രംഗത്ത് ഏറെവുമധികം സംഭാവന നൽകിയത് മലപ്പുറം ജില്ലയിലെ ഈ രണ്ടു ഡിവിഷനുകളിൽനിന്നാണ്. അവിടെ 304 കണക്ഷൻ ഇന്നുവരെ പൂർത്തിയാക്കാതെ കിടക്കുകയാണ്. സംഭാവന അടച്ച, കൺസ്യൂമർ കോൺട്രിബ്യൂഷൻ നൽകിയ 374 കണക്ഷൻ ഇന്നും പെൻറിങ്ങിലാണ്. ഇപ്പോഴത്തെ കണക്കുപ്രകാരംതന്നെ നേരത്തേ കൺസ്യൂമർ കോൺട്രിബ്യൂഷൻ നൽകിയവർക്ക് കണക്ഷൻ നൽകാൻതന്നെ ആറ് മാസം വേണ്ടിവരും. എന്തുകൊണ്ടാണ് ഇങ്ങനെയൊരു ദുഃസ്ഥിതി മലപ്പുറം ജില്ലയിൽ ഉണ്ടായതെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. സാധാരണ ഗതിയിൽ കണക്ഷനുവേണ്ടി അപേക്ഷിച്ച ആളുകൾക്ക് കണക്ഷൻ നൽകുന്നതിനു പകരം കോൺട്രിബ്യൂഷൻ നൽകിയവർക്ക് സാധാരണ ഗതിയിൽ നൽകാവുന്ന മെറ്റീരിയൽസ് ഉപയോഗിച്ച് കണക്ഷൻ നൽകിയതുകൊണ്ടുണ്ടായ സ്ഥിതിവിശേഷമാണുണ്ടായത്. അതുകൊണ്ട് സാധാരണ ഗതിയിൽ കണക്ഷൻ ലഭിക്കേണ്ടവർക്ക് കണക്ഷൻ നൽകാൻ കഴിഞ്ഞില്ല. കോൺട്രിബ്യൂഷൻ ഉപയോഗിച്ച് ബോർഡ് ഭീമമായ ലാഭം ഉണ്ടാക്കിയെന്നുള്ളതല്ലാതെ ആ സംഖ്യകൊണ്ട് മെറ്റീരിയൽസ് നൽകാൻ മുന്നോട്ടുവന്നില്ല. അതുകൊണ്ടാണ് ഈ ദുസ്ഥിതി ഉണ്ടായത്. അതുപോലെതന്നെ ഇപ്പോഴും പവ്വർ കട്ട് ഉണ്ടോയെന്നു അറിയില്ല. മലപ്പുറത്തെ സ്പിന്നിങ്ങ് മില്ലിൽ നാലു മണിക്കൂർ കറൻറ് കാണുകയില്ല. അതുകൊണ്ട് ആ സ്പിന്നിങ്ങ് മില്ല് നാലു മണിക്കൂർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി നൽകിയ സ്പെഷ്യൽ ഓർഡർ അനുസരിച്ചുള്ള കണക്ഷൻ പോലും മെറ്റീരിയൽസ് ഇല്ലാത്തതുകൊണ്ട് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ചില ശുദ്ധജല വിതരണ പദ്ധതികളും പൂർത്തിയായിട്ട് മൂന്നു വർഷമായി. ഈ പദ്ധതികൾക്ക് കണക്ഷൻ നൽകാത്തതുകൊണ്ട് ഉപയോഗപ്രദമാക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. ഇങ്ങനെ നാനാതരത്തിലുള്ള പ്രശ്നങ്ങൾ ഈ രംഗത്ത് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം കഴിഞ്ഞ നിയമസഭയിൽ ഉന്നയിക്കുകയും മലപ്പുറം ജില്ലയിലെ എം. എൽ. എ മാർ എഴുതിക്കൊടുക്കുകയും ചെയ്തതിൻെറ അടിസ്ഥാനത്തിൽ 1984 ജൂലൈ മാസത്തിൽ ഇന്നത്തെ ചെയർമാൻ ശ്രീ. കേശവപിള്ള മലപ്പുറത്ത് വരികയുണ്ടായി. മലപ്പുറത്തെ ചീഫ് എഞ്ചിനീയർ അടക്കമുള്ള ഉദ്യോഗസ്ഥൻമാരെ വിളിച്ചു വരുത്തി അന്ന് ഒരു കോൺഫറൻസ് നടത്തി. ആവശ്യമായ മെറ്റീരിയൽസ് വോൾട്ടേജ് ഇംപ്രൂവ്മെൻറ് ആയാലും വീടുകൾക്ക് കണക്ഷൻ നൽകുന്ന കാര്യത്തിലും ആവശ്യമായ മെറ്റീരിയൽസ് ആവശ്യപ്പെടുന്ന സന്ദർഭത്തിൽ നൽകാമെന്ന് അന്ന് തീരുമാനമെടുക്കുകയും ചെയ്തു. ഒരു നിശ്ചിത കാലയളവിനുള്ളിൽ വൈദ്യുതി കണക്ഷൻ കൊടുക്കാമെന്ന് തീരുമാനമെടുത്തെങ്കിലും ആ തീരുമാനം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഒരു പരിതഃസ്ഥിതിയുള്ള സന്ദർഭത്തിലാണ് മലപ്പുറം ജില്ലയിലെ രണ്ട് സ്റ്റോറുകളും നിർത്തലാക്കാൻ നടപടിയെടുത്തത്. മലപ്പുറം ജില്ലയിൽ ഇലക്ട്രിസിറ്റിയുടെ രണ്ട് പ്രധാന സ്റ്റോറുകളും നിർത്തലാക്കിയതുകൊണ്ട് ആ പ്രദേശത്ത് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട മാണിക്ക് വിദ്യുച്ഛക്തി വകുപ്പിൻെറ ചാർജ്ജ് ലഭിച്ചതോടുകൂടി കുറെയേറെ കാര്യങ്ങളും ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇനി എത്ര നാൾ ഈ വകുപ്പ് അദ്ദേഹത്തിൻെറ കയ്യിലുണ്ടാകുമെന്ന് അറിയില്ല. ഈ വകുപ്പ് അദ്ദേഹത്തിൻെറ കൈവശമുള്ള ഈ സന്ദർഭത്തിൽ ആ പ്രദേശത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സാധന സാമഗ്രികളും നൽകി ഒരു പ്രത്യേക തീയതി വച്ച് കൂടിശ്ശികയുള്ള വർക്കുകളും പൂർത്തി

LIBRARY ARCHIVES Kerala Legislative Assembly

കരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അങ്ങേയ്ക്കല്ലാതെ മറ്റൊരാളിന് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല എന്നുള്ളതു കൊണ്ട് ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, മലപ്പുറം ജില്ലയിൽ ഉണ്ടായിരിക്കുന്ന മെറ്റീരിയൽസിന്റെ ബുദ്ധിമുട്ടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽ കൊണ്ടുവന്ന കാര്യം പരിശോധിക്കാം. ബോർഡിന്റെ പൊതുനയത്തിന്റെയും സാമ്പത്തിക ബുദ്ധിമുട്ടുകളുടെയും പരിമിതികളുടെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഈ ബുദ്ധിമുട്ടിന് പരിഹാരം കാണാൻ അങ്ങേയറ്റം ശ്രമിക്കുന്നതാണ്. ഒരു കാര്യം ഈ സഭയേയും ബഹുമാനപ്പെട്ട മെമ്പറേയും അറിയിക്കാനാഗ്രഹിക്കുകയാണ്. മലപ്പുറം ജില്ലയോട് ഇലക്ട്രിസിറ്റി ബോർഡ് ഒരു വിവേചനവും കാണിച്ചിട്ടില്ല. നേരെ മറിച്ച് എല്ലാ കാലഘട്ടങ്ങളിലും മലപ്പുറം ജില്ലയുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ ബോർഡ് ആത്മാർത്ഥമായി ശ്രമിച്ചുവെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. 1984-85-ൽ ഇലക്ട്രിസിറ്റി ബോർഡിന് ഡിസ്ട്രിബ്യൂഷനുവേണ്ടി കഴിഞ്ഞവർഷം ആകെ ബഡ്ജറ്റിൽ ഉണ്ടായിരുന്ന തുക 17 കോടി രൂപയായിരുന്നു. 17 കോടി രൂപയിൽ മലപ്പുറം ജില്ലയ്ക്ക് ഡിസ്ട്രിബ്യൂഷനുവേണ്ടി രണ്ടുകോടി രൂപ ചെലവഴിച്ചുവെന്ന് പറയുമ്പോൾ മലപ്പുറം ജില്ലയോട് ഒരു വിവേചനവും കാണിച്ചിട്ടില്ലെന്ന് ബോദ്ധ്യമാകും. അതുപോലെതന്നെ 1985-86-ൽ ഇലക്ട്രിസിറ്റിബോർഡിന്റെ ബഡ്ജറ്റിൽ ഡിസ്ട്രിബ്യൂഷനുവേണ്ടി പതിനഞ്ചുകോടിരൂപയാണുള്ളത്. കേരളത്തിൽ ഡിസ്ട്രിബ്യൂഷനു വേണ്ടി ചെലവഴിക്കാൻ ആകെ പതിനഞ്ചുകോടിരൂപയുള്ളതിൽ മലപ്പുറം ജില്ലയ്ക്ക് ഡിസ്ട്രിക്ട്വൈസ് ബ്രേക്കപ്പ് അനുസരിച്ച് രണ്ടുകോടി പതിമൂന്നുലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട് എന്ന് പറയുമ്പോൾ മലപ്പുറം ജില്ലയോട് വിവേചനം കാണിച്ചിട്ടില്ലെന്ന് ബോദ്ധ്യമാകും. ആ ജില്ലയുടെ കാര്യത്തിൽ ഇലക്ട്രിസിറ്റിബോർഡിനെ സംബന്ധിച്ചിടത്തോളം ഒരു നല്ല പരിഗണന ഉണ്ടായിട്ടുണ്ടെന്നുള്ളതാണ് വസ്തുത. മലപ്പുറം ജില്ലയിൽ പണം അടച്ച അപേക്ഷകർക്കെല്ലാവർക്കും കണക്ഷൻ കിട്ടിയിട്ടില്ലെന്ന് പറഞ്ഞു. അത് ഒരു പരിധിവരെ ശരിയാണ്. എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകാൻ ഇലക്ട്രിസിറ്റിബോർഡിനെക്കൊണ്ട് കഴിഞ്ഞിട്ടില്ല. സാമ്പത്തികബുദ്ധിമുട്ടുകൊണ്ടാണ് അതിന് കഴിയാത്തത്. 1981-ൽ പണം അടച്ച അപേക്ഷകരിൽ 97 പേർക്ക് അഞ്ചുമാസത്തിനകം കണക്ഷൻ കൊടുത്തു. ഈ ഇനത്തിൽ 132 അപേക്ഷകളാണ് ബാക്കിയുള്ളത്. അതുപോലെതന്നെ കൺസ്യൂമർ കോൺട്രിബ്യൂഷൻ സ്കീമിൽ ഈ വർഷം 3204 അപേക്ഷകൾ നൽകിയിട്ടുണ്ട്. അതിൽ 1446 അപേക്ഷകൾ ബാക്കിയുണ്ട്. 26 വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമിന്റെ പണി മലപ്പുറം ജില്ലയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1983-84-ൽ മലപ്പുറം ജില്ലയിൽ 8500 സർവ്വീസ് കണക്ഷൻ കൊടുക്കുകയുണ്ടായി. 1984-85-ൽ 14,000 സർവ്വീസ് കണക്ഷൻ കൊടുക്കാനാണ് പരിപാടി ഇട്ടിരിക്കുന്നത്. ഫൈനാൻഷ്യൽ ആയിട്ടുള്ള കാര്യങ്ങൾ എടുത്താലും ഫിസിക്കൽ ടാർജറ്റ് എടുത്താലും മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം അവഗണന ഇല്ല. മെറ്റീരിയൽസിന്റെ കാര്യത്തെസംബന്ധിച്ച് മലപ്പുറം ജില്ലയ്ക്ക് ആവശ്യമുണ്ടെന്നുണ്ടെങ്കിൽ കുറെക്കൂടി മെറ്റീരിയൽസ് എത്തിക്കാൻകഴിയുമോയെന്ന് ബോർഡ് പ്രത്യേകമായി പരിശോധിക്കുന്നതാണ്, അതിനുവേണ്ടി നിർദ്ദേശം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly